# ഉത്തരമില്ലാത്ത ചോദ്യങ്ങൾ

## അഥവാ

# ത്രിയേകത്വത്തിന്റെ തെളിവുകൾ

By

**T. JOHN MATHEW**

**Rights Reserved by the Author**

**First Edition 2006**

**BIBLE STUDY CENTRE**
SANTHOSH NAGAR
P. O. MANNUTHY
THRISSUR - 680 651
KERALA

# ആമുഖം

ചന്ദ്രനിലെ 'മുയൽ' എന്ന പുസ്തകത്തിന്റെ അനുബന്ധമായി പ്രസിദ്ധീകരിച്ചിരിക്കുന്ന "ഉത്തരമില്ലാത്ത ചോദ്യങ്ങൾ" ഒരു പ്രത്യേക ചെറുപുസ്തകമായി പ്രസിദ്ധീകരിക്കുന്നതു പ്രയോജനകരമായിരിക്കുമെന്ന് പലർ അഭിപ്രായപ്പെട്ടതുകൊണ്ടാണ് ബൈബിൾ വെളിപ്പെടുത്തുന്ന ദൈവത്തിന്റെ ത്രിയേകത്വം സംബന്ധിച്ച 27 പ്രധാന ചോദ്യങ്ങളും അവയുടെ ഉൾപ്പിരിവുകളും കൂടി ആകെ 95 ചോദ്യങ്ങൾ ഈ വിധത്തിൽ പ്രസിദ്ധീകരിക്കാനിടയായിരിക്കുന്നത്. ത്രിയേകദൈവം എന്ന ആശയം ഈ ചോദ്യങ്ങളുടെ പശ്ചാത്തലത്തിൽ വ്യക്തമായി വിശദീകരിക്കുന്ന മറ്റൊരു പുസ്തകം എഴുതി പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നുണ്ട്; എന്നാൽ യേശുക്രിസ്തു വാസ്തവത്തിൽ ദൈവമല്ല, ദൈവത്തിന്റെ ആദ്യത്തെ സൃഷ്ടി ആയിരുന്നു എന്നും പരിശുദ്ധാത്മാവ് ദൈവമല്ല, ദൈവത്തിന്റെ ശക്തി മാത്രമാണ് എന്നും മറ്റുമുള്ള പ്രചരണങ്ങൾ ക്രിസ്തീയ ലോകത്തിൽ ശക്തമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത്, ആ ആശയങ്ങളുടെ പിന്നിലെ അസത്യങ്ങളും യുക്തിഹീനതകളും ദുർവ്യാഖ്യാനങ്ങളും മറനീക്കി വെളിപ്പെടുത്തുന്ന കുറച്ചു ചോദ്യങ്ങൾ സത്യത്തെ സ്നേഹിക്കുന്ന എല്ലാവരുടെയും കൈകളിലെത്തിച്ചു കൊടുക്കുക എന്നത് ഒരു അടിയന്തിരാവശ്യമാണെന്നു തോന്നി. അതിനാലാണ് 'ചന്ദ്രനിലെ മുയലി'ന്റെ അനുബന്ധം പ്രത്യേക പുസ്തകരൂപത്തിൽ ഇപ്രകാരം തയ്യാർ ചെയ്തു പ്രസിദ്ധീകരിക്കുന്നത്.

ഈ ചോദ്യപുസ്തകം ദൈവത്തിന്റെ ത്രിയേകത്വം നിഷേധിക്കുന്ന ഒരാൾക്കു കൊടുത്തിട്ട്, "ഈ ചോദ്യങ്ങളുടെയെല്ലാം ഉത്തരങ്ങൾ ചോദ്യ നമ്പറുകൾ യഥാക്രമം ഇട്ട് എഴുതി തരണം; അല്ലെങ്കിൽ യേശുക്രിസ്തു സത്യദൈവമാണെന്നും സത്യദൈവം ത്രിയേകനാണെന്നും സമ്മതിക്കണം" എന്നാണ് നാം പറയേണ്ടത്. അപ്പോൾ ഉത്തരങ്ങൾ എഴുതി തരുന്നതിൽ നിന്ന് ഒഴിഞ്ഞുമാറുവാൻ അയാൾ ശ്രമിക്കുന്നതായി കാണാം. ഉത്തരങ്ങൾ എഴുതി തരുന്ന പക്ഷം അയാൾ ഇതുവരെ വിശ്വസിച്ചിരുന്ന അസത്യങ്ങൾ അയാൾക്ക് ഉപേക്ഷിക്കേണ്ടി വരുന്ന കാഴ്ചയും നാം കാണാനിടയാകും. സാധാരണ ഗതിയിൽ ത്രിയേകത്വം നിഷേധിക്കുന്നവർ ഈ പുസ്തകത്തിലെ ചോദ്യങ്ങൾക്ക് ഉത്തരം നൽകാതെ ഒഴിഞ്ഞുമാറും. അനുഭവത്തിൽനിന്ന് ഇതു തെളിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് ഇതിന് "ഉത്തരമില്ലാത്ത ചോദ്യങ്ങൾ" എന്ന പേരു നൽകിയിരിക്കുന്നത്. ത്രിയേകത്വത്തിന് എതിരെ ഉയർന്നു വന്നിട്ടുള്ള വാദങ്ങളെല്ലാം അങ്ങേയറ്റം യുക്തിഹീനമാണെന്നു തെളിയിക്കുന്ന ചോദ്യങ്ങൾ ഈ വിധത്തിൽ തയ്യാറാക്കുവാൻ കൃപ തന്ന സത്യ ദൈവത്തിനു സ്തോത്രം അർപ്പിച്ചുകൊണ്ട് ഈ ചെറുപുസ്തകം സത്യത്തെ സ്നേഹിക്കുന്ന എല്ലാവരുടെയും സൂക്ഷ്മപരിശോധനയ്ക്കും പഠനത്തിനുമായി സമർപ്പിച്ചു കൊള്ളുന്നു.

റ്റി. ജോൺ മാത്യു

മണ്ണുത്തി,
25-09-2006

*മനുഷ്യാവതാരം ചെയ്ത യേശുക്രിസ്തു വാസ്തവത്തിൽ അഖിലാണ്ഡത്തിന്റെ സ്രഷ്ടാവായ സത്യ ദൈവം തന്നെയാണെന്നു വിശ്വസിക്കാത്ത ത്രിത്വനിഷേധക്കാർക്ക്, ഈ പുസ്തകത്തിലെ ചോദ്യങ്ങളുടെ ഉത്തരങ്ങൾ നല്കാതെ തങ്ങളുടെ ത്രിത്വനിഷേധപ്രചാരണം തുടരുവാൻ ധാർമ്മികമായി അവകാശമില്ല.*

# ഉത്തരമില്ലാത്ത ചോദ്യങ്ങൾ

## ഏകത്വവും ത്രിയേകത്വവും

ത്രിയേകത്വം എന്ന ആശയം തെറ്റാണെന്നു വിശ്വസിക്കുന്നവർ പറയുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ ഇവയാണ്: ഏകദൈവത്തിൽ മൂന്ന് ആളത്വങ്ങൾ ഇല്ല; പുത്രൻ (യേശുക്രിസ്തു) ദൈവമല്ല, പിന്നെയോ, ദൈവത്തിന്റെ ആദ്യസൃഷ്ടി ആണ്; പരിശുദ്ധാത്മാവ് ദൈവമല്ല, പിന്നെയോ, ദൈവത്തിന്റെ ശക്തി മാത്രമാണ്. "നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക" (ഉൽപത്തി 1 : 26) എന്ന് ദൈവം പറഞ്ഞത് തന്റെ ആദ്യത്തെ സൃഷ്ടിയോടായിരുന്നു; യേശുക്രിസ്തു ദൈവത്തിന്റെ സൃഷ്ടിയാണെന്ന് 2-ാം സങ്കീർത്തനത്തിലും കൊലോസ്യ ലേഖനത്തിലും മറ്റും പറഞ്ഞിട്ടുണ്ട്; ദൈവത്തിനുള്ള സർവ്വജ്ഞാനവും സർവ്വവ്യാപകത്വവും യേശുക്രിസ്തുവിന് ഇല്ലായിരുന്നു; യേശുക്രിസ്തു പിശാചിനാൽ പരീക്ഷിക്കപ്പെട്ടത്, തനിക്കു ദൈവത്വം ഇല്ലായിരുന്നു എന്നതിന്റെ തെളിവാണ് — ഈ ആശയങ്ങൾ സൂക്ഷ്മമായി പരിശോധിച്ച് തെറ്റും ശരിയും എന്തെന്ന് വ്യക്തമായി മനസ്സിലാക്കുന്നതിന് മാന്യവായനക്കാരെ സഹായിക്കുന്ന ചോദ്യങ്ങളാണ് താഴെ തന്നിരിക്കുന്നത്. ഇവിടെ തന്നിരിക്കുന്ന 27 ചോദ്യങ്ങളുടെയും അവയുടെ ഉൾപ്പിരിവുകളുടെയും ഉത്തരങ്ങൾ പൂർണ്ണമായി എഴുതിയ ഉത്തരക്കടലാസ്സോടു ചേർത്ത് ഈ വിഷയം സംബന്ധിച്ച സംശയങ്ങളോ മറുചോദ്യങ്ങളോ ഉള്ളവർ അവ എഴുതി അയച്ചു തന്നാൽ ഞങ്ങൾ (ബൈബിൾ സ്റ്റഡി സെന്റർ, മണ്ണുത്തി) രേഖാമൂലം തന്നെ മറുപടി നൽകുന്നതാണ്.

## ചോദ്യങ്ങൾ

1. a) നീ എന്റെ പുത്രൻ; ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു (സങ്കീ : 2 : 7) എന്ന വാക്യത്തിലെ "ജനിപ്പിക്കുക" എന്ന പദത്തിന് "സൃഷ്ടിക്കുക" എന്നാണോ അർത്ഥം?

   b) ആണെങ്കിൽ "ശേത്തിന് നൂറ്റഞ്ചു വയസ്സായപ്പോൾ അവൻ എനോശിനെ ജനിപ്പിച്ചു" എന്ന് ഉൽപത്തി 5: 6 ൽ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം 105 വയസ്സായപ്പോൾ ശേത്ത് എനോശിനെ "സൃഷ്ടിച്ചു" എന്നാണോ?

   c) ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ച ശേഷം ഭൂമിയിൽ സസ്യങ്ങളെയും ജന്തുക്കളെയും "സൃഷ്ടിച്ചു" എന്നു പറയുന്നതിനു പകരം സസ്യങ്ങളെയും മൃഗങ്ങളെയും "ജനിപ്പിച്ചു" എന്നു പറഞ്ഞാൽ അതു ശരിയായിരിക്കുമോ?

   d) ലേവി യാക്കോബിൽ നിന്നു ജനിക്കുന്നതിനു മുമ്പു തന്നെ അബ്രാഹാമിൽ സൃഷ്ടിക്കപ്പെട്ടിരുന്നുവെന്ന് എബ്രായർ 7 : 10 ൽ കാണുന്നു; അതിനാൽ, സൃഷ്ടിക്കുക, ജനിപ്പിക്കുക എന്നീ പദങ്ങൾക്ക് ഒരേ അർത്ഥമല്ല ഉള്ളതെന്ന് സ്പഷ്ടമല്ലേ?

   e) നിഷ്പക്ഷമതികളായ പണ്ഡിതന്മാരാൽ രചിക്കപ്പെട്ട ഏതെങ്കിലും നിഘണ്ടുവിൽ "ജനിപ്പിക്കുക" എന്ന പദത്തിന് "സൃഷ്ടിക്കുക" എന്ന് അർത്ഥം കൊടുത്തിരിക്കുന്നതായി കാണുന്നുണ്ടോ? ഉണ്ടെങ്കിൽ ആ നിഘണ്ടു ഏതാണ്?

   f) "ജനിപ്പിക്കുക" എന്ന പദത്തിന് "സൃഷ്ടിക്കുക" എന്നാണ് അർത്ഥമെങ്കിൽ യിസ്രായേൽ യഹോവയുടെ "ആദ്യജാതൻ" ആണെന്ന് പുറപ്പാട് 4 :22 - 23 ൽ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം യിസ്രായേൽ ദൈവത്തിന്റെ ആദ്യത്തെ സൃഷ്ടി ആണ് എന്നല്ലേ? അങ്ങനെ പറയുന്നതു ശരിയാണോ? ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്നു പറയുന്നതിനുപകരം ആദിയിൽ ദൈവം യിസ്രായേലിനെ സൃഷ്ടിച്ചു എന്നു പറഞ്ഞാൽ അതു ശരിയായിരിക്കുമോ?

   g) 2-ാം സങ്കീർത്തനം 7-ാം വാക്യത്തിൽ "ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം "ഇന്നു ഞാൻ നിന്നെ സൃഷ്ടിച്ചിരിക്കുന്നു" എന്നാണ് എന്ന് ഒരാൾ പറഞ്ഞാൽ അതു ശരിയായിരിക്കുമോ തെറ്റായിരിക്കുമോ?

2. a) യേശുക്രിസ്തു ആദിയും അന്തവുമാണെന്ന് വചനത്തിൽ (വെളിപ്പാട് 1 : 8; 1 : 17 –18; 22 : 13) പറഞ്ഞിരിക്കുന്നു; യഹോവയാണ് ആദിയും അന്തവും ആയിരിക്കുന്നവൻ എന്ന് യെശയ്യാവ് 41 : 4 ; 44: 6 മുതലായ വാക്യങ്ങളും വ്യക്തമാക്കുന്നു. ആദിയും അന്തവും ആയ യഹോവ ഒരു സൃഷ്ടി ആണോ?

   b) ആദിയും അന്തവുമായ യഹോവ ഒരു സൃഷ്ടി അല്ലെങ്കിൽ, ആദിയും അന്തവുമായ യേശുക്രിസ്തു ഒരു സൃഷ്ടി ആണെന്നു പറയാനൊക്കുമോ?

c) "ആദി" ആയിരിക്കുന്നവൻ എന്നു  പറഞ്ഞാൽ "എല്ലാറ്റിനും മുമ്പെ സ്ഥിതി ചെയ്യുന്നവൻ" എന്നല്ലേ അർത്ഥം? അല്ലെങ്കിൽ എന്താണ് ശരിയായ അർത്ഥം? ആ അർത്ഥം ഏതു നിഘണ്ടുവിലാണ് ഉള്ളത്?

d) എല്ലാറ്റിനും മുമ്പെ സ്ഥിതി ചെയ്യുക എന്നു പറഞ്ഞാൽ സകല സൃഷ്ടികൾക്കും മുമ്പെ സ്ഥിതിചെയ്യുക എന്നല്ലേ അർത്ഥം? സകല സൃഷ്ടികൾക്കും മുമ്പെ സ്ഥിതി ചെയ്തിരുന്ന "ആദി" ആയ യേശുക്രിസ്തു സൃഷ്ടികളുടെ കൂട്ടത്തിൽ ഉൾപ്പെടാനൊക്കുന്നത് എങ്ങനെയാണ്?

e) ദൈവത്തിനല്ലാതെ മറ്റാർക്കെങ്കിലും ആദിയും അന്തവും ആയിരിക്കുവാൻ സാധിക്കുമോ? എങ്കിൽ ദൈവത്തെ കൂടാതെ ആർക്കൊക്കെയാണ് അതു സാധിക്കുന്നത്?

2. f) ആദിയും അന്തവും ആയിരിക്കുവാൻ ദൈവത്തിനു മാത്രമേ സാധിക്കുകയുള്ളൂ എന്ന് യുക്തിയും ബുദ്ധിയും നമ്മെ പഠിപ്പിക്കുമ്പോൾ, ആദിയും അന്തവും ആയ യേശുക്രിസ്തു ദൈവമല്ല, പിന്നെയോ, ആദിയുള്ള ഒരു സൃഷ്ടി ആണെന്നു പറയാൻ എന്തു ന്യായമാണുള്ളത്?

3. a) യേശുക്രിസ്തുവിനെ "നിത്യപിതാവ്" (Everlasting Father) എന്നു വചനത്തിൽ (യെശയ്യാവ് 9 : 6) വിശേഷിപ്പിച്ചിരിക്കുന്നു. "നിത്യപിതാവ്" എന്നു പറഞ്ഞാൽ "ആദിയും അന്തവും ഇല്ലാതെ, നിത്യനായി നില നിൽക്കുന്ന, സകലത്തിന്റെയും സ്രഷ്ടാവായ ദൈവം" എന്നല്ലേ അർത്ഥം? അല്ല എങ്കിൽ മറ്റെന്താണ് അർത്ഥമെന്ന് തെളിവു സഹിതം വ്യക്തമാക്കുക.

b) യെശയ്യാവ് 9 : 6-ൽ പറഞ്ഞിരിക്കുന്ന "നിത്യപിതാവും" മത്തായി 6 : 9 ൽ പറഞ്ഞിരിക്കുന്ന "സ്വർഗ്ഗസ്ഥനായ പിതാവും" സാരാംശത്തിൽ ഒന്നായിരിക്കുന്ന ഒരേ ദൈവം തന്നെയല്ലേ? അല്ല എന്നു പറയാൻ തെളിവ് ഉണ്ടോ? ഉണ്ടെങ്കിൽ അതെന്താണ്?

c) യേശുക്രിസ്തു "നിത്യപിതാവ്" ആണെന്ന് യെശ 9 : 6-ൽ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം നിത്യപിതാവിലുള്ള  (സ്വർഗ്ഗസ്ഥനായ പിതാവിലുള്ള) അതേ ദൈവിക സാരാംശം യേശുക്രിസ്തുവിലും സ്ഥിതി ചെയ്യുന്നു എന്നല്ലേ? അല്ലെങ്കിൽ മറ്റെന്താണ് അർത്ഥം?

d) യെശയ്യാവ് 9 : 6 – ൽ കാണുന്ന "നിത്യപിതാവിനും" മത്തായി 6 : 9 ൽ കാണുന്ന "സ്വർഗ്ഗസ്ഥനായ പിതാവിനും" ഒരുപോലെ ദൈവത്വം ഉണ്ടെന്നു പറഞ്ഞാൽ അതു തെറ്റാകുമോ? തെറ്റാകുമെങ്കിൽ ഇവരിൽ ആർക്ക് എന്തു കാരണത്താൽ ദൈവത്വം ഇല്ലാതിരിക്കുന്നു അല്ലെങ്കിൽ കുറഞ്ഞിരിക്കുന്നു?

e) യെശയ്യാവ് 9 : 6 ലെ നിത്യപിതാവ് "വീരനാം ദൈവം" (Mighty God) ആണെന്ന് ഇതേ വാക്യത്തിൽ പറഞ്ഞിരിക്കുമ്പോൾ, ഈ വീരനാം ദൈവത്തിന് (യേശുക്രിസ്തുവിന്) ദൈവത്വം ഇല്ലെന്നു പറഞ്ഞാൽ അതു ശരിയാകുമോ?

f) യേശുക്രിസ്തു ആദിയും അന്തവും ഇല്ലാതെ "നിത്യമായി സ്ഥിതിചെയ്യുന്ന പിതാവ്" ആയിരിക്കുമ്പോൾ ആദിയുള്ള ഒരു സൃഷ്ടി ആയിരിക്കുവാൻ എങ്ങനെയാണ് സാധിക്കുന്നത്?

4. a) "ആരംഭം" എന്ന പദത്തിന് ഒന്നാമത്തേത് എന്ന് അർത്ഥം വരുന്നത്, "അടയാളങ്ങളുടെ ആരംഭം" (യോഹന്നാൻ 2 : 11) എന്ന പദപ്രയോഗത്തിലെപ്പോലെ അത് ഒരു ബഹുവചനത്തോട്  ചേർത്തു പറയുമ്പോഴല്ലേ? "ജ്ഞാനത്തിന്റെ ആരംഭം" (സദൃശവാക്യങ്ങൾ 1 : 7) എന്ന് ഏകവചനനാമത്തോടു ചേർത്ത് ആ പദം ഉപയോഗിക്കുമ്പോൾ അതിന് കാരണം "എന്നോ ആരംഭം കുറിക്കുന്ന പ്രവൃത്തി" എന്നോ അല്ലേ അർത്ഥം വരുന്നത്?

b) "ദൈവസൃഷ്ടിയുടെ ആരംഭം" എന്ന പദപ്രയോഗത്തിന് ദൈവത്തിന്റെ "സൃഷ്ടികർമ്മത്തിന്റെ ആരംഭം" എന്നല്ലേ അർത്ഥം കൽപിക്കേണ്ടത്? സൃഷ്ടികളിൽ ഒന്നാമത്തേത് എന്ന് അർത്ഥം കൽപിക്കണമെങ്കിൽ "സൃഷ്ടികൾ" എന്ന ബഹുവചനരൂപം പദപ്രയോഗത്തിൽ ഉണ്ടായിരിക്കേണ്ടേ? "ദൈവസൃഷ്ടിയുടെ ആരംഭം" എന്ന പദപ്രയോഗത്തിൽ "സൃഷ്ടികൾ" എന്ന ബഹുവചനരൂപം ഉണ്ടോ ഇല്ലയോ?

c) "സൃഷ്ടികർമ്മം" എന്ന ആശയം പദപ്രയോഗത്തിൽ ഉണ്ടായിരിക്കുകയും "സൃഷ്ടികൾ" എന്ന ആശയം അതിൽ ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ "സൃഷ്ടികളിൽ ഒന്നാമത്തേത്" എന്ന ആശയം അതിൽ എങ്ങനെയാണ് ഉണ്ടാകുന്നത്?

d) "യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭം ആകുന്നു" (സദൃശ : 1 : 7) എന്ന വാക്യത്തിന്റെ അർത്ഥം "യഹോവാഭക്തി ജ്ഞാനത്തിന്റെ കാരണം ആകുന്നു" എന്നാണോ, അതോ, "യഹോവാഭക്തി ജ്ഞാനങ്ങളിൽ ഒന്നാമത്തേത് ആകുന്നു". എന്നാണോ?

e) "ദൈവസൃഷ്ടിയുടെ ആരംഭം" (വെളിപ്പാട് 3 : 14) എന്ന പദപ്രയോഗത്തിന്റെ അർത്ഥം "ദൈവസൃഷ്ടിയുടെ കാരണം (കാരണം ആയിരിക്കുന്നവൻ)" എന്നാണോ, അതോ "ദൈവത്തിന്റെ സൃഷ്ടികളിൽ ഒന്നാമത്തേത്" എന്നാണോ?

f) “ദൈവസൃഷ്ടിയുടെ ആരംഭം” എന്ന പദപ്രയോഗത്തിന് ദൈവസൃഷ്ടിയുടെ കാരണം (കാരണക്കാരൻ) എന്ന് അർത്ഥം പറയാതിരിക്കുകയും “ദൈവത്തിന്റെ സൃഷ്ടികളിൽ ഒന്നാമത്തേത്” എന്ന് അർത്ഥം പറകയും ചെയ്യുന്ന നിഷ്പക്ഷനായ ഒരു ഭാഷാപണ്ഡിതനെ കണ്ടെത്താൻ സാധിക്കുമോ? സാധിക്കുമെങ്കിൽ അതാരാണ്?

g) ദൈവത്തിന്റെ സൃഷ്ടികർമ്മത്തിന്റെ “ആരംഭം” അഥവാ “കാരണം” ആയിരിക്കുന്നവൻ ദൈവം തന്നെ ആയതിനാൽ ഈ സൃഷ്ടികർമ്മത്തിന്റെ “ആരംഭം” ആയ യേശുക്രിസ്തു വെളിപ്പാട് 3 : 14 പ്രകാരം ദൈവം ആണെന്ന് സ്പഷ്ടമല്ലേ? അല്ലെന്നു ചിന്തിക്കാൻ ന്യായമുണ്ടെങ്കിൽ അതെന്താണ്?

5. a) “സർവ്വസൃഷ്ടിക്കും ആദ്യജാതൻ” എന്ന് കൊലോസ്യർ 1 : 15 ൽ പറഞ്ഞിരിക്കുന്നതിന് “സകല സൃഷ്ടികൾക്കും മുമ്പെ ജനിച്ചവൻ” എന്ന് അർത്ഥമുണ്ടോ? എങ്ങനെയാണ് ഈ അർത്ഥം വരുന്നത്? “ഫറവോന്റെ ആദ്യജാതൻ” (പുറപ്പാട് 12 : 29) എന്നതിന് “ഫറവോനിൽ നിന്നും ആദ്യം ജനിച്ചവൻ” എന്നല്ലേ അർത്ഥം? “അപ്പോൾ സർവ്വസൃഷ്ടിക്കും ആദ്യജാതൻ - the first born of all creation” – എന്നതിന് ഓരോ സൃഷ്ടിയുടെയും ആദ്യജാതൻ എന്നല്ലേ അർത്ഥം വരേണ്ടത്? “സകല സൃഷ്ടികൾക്കും മുമ്പെ ജനിച്ചവൻ” എന്ന് എങ്ങനെ അർത്ഥം വരും? അങ്ങനെയാണ് അർത്ഥം വരുന്നതെന്നു പറയുന്ന ഒരു നിഷ്പക്ഷ ഭാഷാപണ്ഡിതനുണ്ടോ? ഉണ്ടെങ്കിൽ അതാരാണ്?

b) സൃഷ്ടികൾ ഒന്നും ഉണ്ടാകുന്നതിന് മുമ്പ് ആണ് യേശുക്രിസ്തു ജനിച്ചത് എന്നല്ലേ “സകല സൃഷ്ടികൾക്കും മുമ്പെ ജനിച്ചവൻ” ആണ് യേശുക്രിസ്തു എന്നു പറയുന്നതിന്റെ അർത്ഥം? സൃഷ്ടികളുടെ കൂട്ടത്തിൽ ഉൾപെടുന്നവനല്ല പിന്നെയോ, സൃഷ്ടികൾക്കു മുമ്പെ ജനിച്ചവനാണ് യേശുക്രിസ്തു എന്നു പറഞ്ഞിട്ട്, യേശുക്രിസ്തു ദൈവത്തിന്റെ ഒരു സൃഷ്ടിയാണ് എന്നു പറയുവാൻ ന്യായമുണ്ടോ?

c) യേശുക്രിസ്തു ഒരു സൃഷ്ടി ആണെങ്കിൽ “സർവ്വസൃഷ്ടിക്കും മുമ്പെ ജനിച്ചവൻ” എന്നു പറയാനൊക്കുമോ? “ആദ്യത്തെ സൃഷ്ടി” എന്നു മാത്രമല്ലേ പറയാനൊക്കൂ? ഏറ്റവും ആദ്യത്തെ സൃഷ്ടിയെക്കുറിച്ച്, “സകല സൃഷ്ടികൾക്കും മുമ്പെ ജനിച്ചവൻ” എന്നാണോ പറയേണ്ടത്? അങ്ങനെയാണെങ്കിൽ യിസ്രായേലിലെ ആദ്യത്തെ രാജാവായിരുന്ന ശൗലിനെക്കുറിച്ച് “യിസ്രായേലിന്റെ സകല രാജാക്കന്മാർക്കും മുമ്പെ ജനിച്ചവൻ” എന്നല്ലേ പറയേണ്ടത്? അങ്ങനെ പറയുന്നതു ശരിയാണോ?

d) “ആദ്യജാതൻ” എന്ന പദത്തിന് “ആദ്യം ജനിച്ചവൻ” എന്നു മാത്രമാണോ ബൈബിളിൽ അർത്ഥം കൽപിച്ചിരിക്കുന്നത്? എങ്കിൽ യിസ്രായേൽ യഹോവയുടെ ആദ്യജാതനാണെന്ന് പുറപ്പാട് 4 : 22 –23 ലും ഇളയവനായിരുന്ന എഫ്രയീം ആദ്യജാതനാണെന്ന് യിരെമ്യാവ് 31 : 9 ലും പറഞ്ഞിരിക്കുന്നത് എന്തുകൊണ്ടാണ്? ഈ വേദഭാഗങ്ങളിൽ ആദ്യജാതൻ എന്ന പദം കൊണ്ട്, “ഏറ്റവും ശ്രേഷ്ഠനായവൻ” എന്നല്ലേ അർത്ഥമാക്കിയിരിക്കുന്നത്?

e) ആദ്യജാതൻ എന്ന പദത്തിന് “ആദ്യം ജനിച്ചവൻ” എന്ന് അർത്ഥം കൊടുക്കുന്നത് “സർവ്വ സൃഷ്ടിക്കും ആദ്യജാതൻ” എന്ന പദപ്രയോഗത്തിനു യോജിക്കുമോ? എങ്കിൽ സർവ്വസൃഷ്ടിക്കും ആദ്യജാതനായ ആൾ ഓരോ സൃഷ്ടിയിൽ നിന്നും ആദ്യം ജനിച്ചവൻ ആയിരിക്കേണ്ടേ? ഒരാൾക്ക് ഭൂമിയിലെ സകല സൃഷ്ടികളിൽ നിന്നും ആദ്യം ജനിച്ചവൻ ആയിരിക്കാൻ കഴിയുമോ?

f) യേശുക്രിസ്തു “സർവ്വസൃഷ്ടിക്കും ആദ്യജാതൻ” ആണ് എന്നു പറഞ്ഞിരിക്കുന്ന വാക്യത്തിൽ “ആദ്യജാതൻ” എന്ന പദത്തിന് “ആദ്യം ജനിച്ചവൻ” എന്ന സാധാരണ അർത്ഥം കൊടുത്താൽ യേശുക്രിസ്തു ഓരോ സൃഷ്ടിയിൽ നിന്നും ആദ്യം ജനിച്ചവൻ ആണ് എന്നല്ലേ പറയേണ്ടി വരുന്നത്? ഈ അർത്ഥം യുക്തിക്കും ബുദ്ധിക്കും നിരക്കാത്തതായതിനാൽ, “ആദ്യജാതൻ” എന്ന പദത്തിന്റെ മറ്റെ അർത്ഥം “ഏറ്റവും ശ്രേഷഠനായവൻ” എന്ന ആശയം അല്ലേ ഇവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്? “സർവ്വസൃഷ്ടിക്കും ആദ്യജാതൻ” (കൊലേന്ത്യർ 1 : 15) എന്ന പദപ്രയോഗത്തിന്, “സർവ്വസൃഷ്ടിയുടെ മേലും അധികാരമുള്ള ഏറ്റവും ശ്രേഷ്ഠനായവൻ” എന്നാണ് അർത്ഥമെന്ന് പറയുന്നതു തെറ്റാണെന്ന് ചിന്തിക്കാൻ എന്തെങ്കിലും ന്യായമുണ്ടോ? ഉണ്ടെങ്കിൽ അതെന്താണ്?

6. യഹോവ രാജാവാണെന്നും (സങ്കീ: 10 : 16 ; 29 : 10; 145 : 1) കർത്താവാണ് എന്നും (യെഹസ്ക്കേൽ 6 : 3; 7 : 2; 8 : 1) വചനത്തിൽ പറഞ്ഞിരിക്കുന്നു. എന്നാൽ യേശുക്രിസ്തു രാജാധിരാജാവും കർത്താധികർത്താവുമാണെന്നാണ് (വെളിപ്പാട് 17 : 14; 19 : 18) വചനത്തിൽ പറഞ്ഞിരിക്കുന്നത്. രാജാവിനെക്കാൾ വലിയവൻ രാജാധിരാജാവും കർത്താവിനെക്കാൾ വലിയവൻ കർത്താധികർത്താവും ആയതിനാൽ യേശുക്രിസ്തു യഹോവയെക്കാൾ വലിയവൻ ആണെന്നല്ലേ വാദിക്കുന്നെങ്കിൽ വാദിക്കാനൊക്കൂ?

7. ആദിയിൽ ഭൂമിയെ സൃഷ്ടിച്ചത് യേശുക്രിസ്തു ആണെന്ന് എബ്രായർ 1 : 8 – 10 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നു. ഇതിന്റെ അർത്ഥം ഉൽപത്തി 1 : 1 –ൽ കാണുന്ന ദൈവം തന്നെയാണ് യേശുക്രിസ്തു എന്നല്ലേ? അല്ലെന്ന് എങ്ങനെ തെളിയിക്കും?

8. ശബ്ബത്ത് കൽപിച്ചുകൊടുത്തത് യഹോവയാണ്. യേശുക്രിസ്തു ശബ്ബത്തിന്മേൽ അധികാരമുള്ള കർത്താവാണെന്ന് മർക്കോസ് 2 : 28 – ൽ പറഞ്ഞിരിക്കുന്നു. ഇതിന്റെ അർത്ഥം ശബ്ബത്ത് കൽപിച്ച് കൊടുത്ത യഹോവയെക്കാൾ ഒട്ടും കുറയാത്ത അധികാരവും സ്ഥാനവും യേശുക്രിസ്തുവിന് ഉണ്ടെന്നല്ലേ? യേശുക്രിസ്തു ദൈവം അല്ലെങ്കിൽ യഹോവയെക്കാൾ ഒട്ടും കുറയാത്ത അധികാരവും സ്ഥാനവും എങ്ങനെ ഉണ്ടാകും?

9. ദൂരത്തായിരുന്ന നഥനയേലിനെ അത്തിമരത്തിൻ കീഴിൽ കണ്ട യേശുക്രിസ്തുവിന് (യോഹ : 1 : 48) സർവ്വവ്യാപകത്വം എന്ന ദൈവിക ഗുണവിശേഷം ഉണ്ടായിരുന്നു എന്നു സ്പഷ്ടമാണ്. എന്നാൽ സൊദോമിലെ മനുഷ്യർ വാസ്തവത്തിൽ ദുഷ്ടന്മാരാണോ എന്നറിയുന്നതിന് അവിടേക്കു ചെന്ന് അവരെ കണ്ടു മനസ്സിലാക്കും എന്നാണ് യഹോവ അബ്രഹാമിനോട് അരുളിച്ചെയ്തത് (ഉൽപത്തി 18 : 21). ദൂരെ അത്തിമരത്തിൻ കീഴിലിരുന്ന നഥനയേലിനെ കാണുവാൻ സാധിച്ച യേശുക്രിസ്തുവിന് ഉണ്ടായിരുന്നിടത്തോളം സർവ്വവ്യാപകത്വവും സർവ്വജ്ഞാനവും യഹോവയ്ക്ക് ഇല്ലായിരുന്നു എന്നാണോ നാം മനസ്സിലാക്കേണ്ടത്? സർവ്വവ്യാപകത്വവും സർവ്വജ്ഞാനവും മാനുഷജ്ഞാനം കൊണ്ട് അളന്നുനോക്കി ആർക്കാണു കൂടുതലെന്നു പരിശോധിച്ചാൽ, ഇവിടെ യഹോവയെക്കാൾ കൂടുതൽ ദൈവത്വം യേശുക്രിസ്തുവിനുണ്ട് എന്നല്ലേ പറയേണ്ടി വരിക?

10. a) നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക (ഉൽപ. : 1 : 26) എന്നു ദൈവം പറഞ്ഞത് തന്റെ ഏതോ ഒരു സൃഷ്ടിയോടായിരുന്നു എങ്കിൽ ആ സൃഷ്ടിയുടെയും ദൈവത്തിന്റെയും സാദൃശ്യത്തിലല്ലേ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്? അപ്പോൾ ഉൽപ : 1 : 27– ൽ ദൈവം തന്റെ സ്വരൂപത്തിലാണ് (മറ്റാരുടെയും സ്വരൂപത്തിലല്ല) മനുഷ്യനെ സൃഷ്ടിച്ചത് എന്ന് എന്തുകൊണ്ടു പറഞ്ഞിരിക്കുന്നു?

b) ദൈവം തന്റെ സ്വരൂപത്തിലും, സാദൃശ്യത്തിലുമാണ് മനുഷ്യനെ സൃഷ്ടിച്ചത് എന്ന വാക്യവും, “യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ടു അവൻ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു” (ഉൽപ. 2 : 7) എന്ന വാക്യവും തെളിയിക്കുന്നത്, മനുഷ്യസൃഷ്ടിയിൽ ദൈവമല്ലാതെ മറ്റാരും യാതൊരു പങ്കും വഹിച്ചിട്ടില്ല എന്നല്ലേ?

c) “നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം” എന്ന് ഉല്പ: 1 :26-ലും “നമ്മിൽ ഒരുത്തൻ” എന്ന് ഉല്പ: 3 :22-ലും ഏകദൈവം തന്നോടു തന്നെ പറഞ്ഞതായി കാണുന്നതിൽ നിന്ന് എന്താണ് തെളിയുന്നത്? ഏകദൈവത്തിൽ ഒന്നിലധികം ആളത്വങ്ങൾ ഉണ്ട് എന്നുതന്നെയല്ലേ? ഒരുത്തൻ മാത്രമുള്ളിടത്ത് “നമ്മിൽ ഒരുത്തൻ” എന്നു പറയാൻ എങ്ങനെ സാധിക്കും?

11. a) മർക്കോസ് 12 : 29 ൽ “നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ് ആകുന്നു” എന്നു കാണുന്നു. യേശുക്രിസ്തു ആകുന്നു നമ്മുടെ ഏക കർത്താവ് എന്ന് I കൊരി : 8 : 6– ലും നാം വായിക്കുന്നു. അതായത് നമ്മുടെ ഏകകർത്താവ് യേശുക്രിസ്തു ആണെന്നും നമ്മുടെ ഏക കർത്താവ് ദൈവം ആണെന്നും വചനത്തിൽ പറഞ്ഞിരിക്കുന്നു. ഇതിൽ നിന്ന്, നമ്മുടെ ഏകകർത്താവായ യേശുക്രിസ്തു ദൈവമാണെന്നു തെളിയുന്നില്ലേ? ഇല്ലെങ്കിൽ മറ്റെന്താണ് ഇതിൽ നിന്നു തെളിയുന്നത്?

b) നമ്മുടെ ഏക കർത്താവ് (ഏറ്റവും വലിയ കർത്താവ്) യേശുക്രിസ്തു ആണെങ്കിൽ യേശുക്രിസ്തുവിനെക്കാൾ വലിയവൻ ആരുമില്ല എന്നല്ലേ അർത്ഥം വരുന്നത്? യേശുക്രിസ്തു ദൈവം അല്ല എങ്കിൽ അഖിലാണ്ഡത്തിലെ ഏറ്റവും വലിയ കർത്താവ് ആകുന്നതെങ്ങനെയാണ്?

12. a) യേശു ദൈവപുത്രൻ (യോഹ : 10 : 36) ആണെന്ന് വചനത്തിൽ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം യേശുക്രിസ്തു ദൈവത്തിന്റെ ഒരു സൃഷ്ടി ആണെന്നാണോ?

b) ദൈവപുത്രൻ എന്ന പദത്തിന് ദൈവത്തിന്റെ സൃഷ്ടി എന്നാണ് അർത്ഥമെങ്കിൽ മനുഷ്യപുത്രൻ എന്ന പദത്തിന്റെ അർത്ഥമെന്താണ്? യേശുക്രിസ്തുവിനെ മനുഷ്യപുത്രൻ എന്നു വിശേഷിപ്പിച്ചിട്ടുണ്ട് (മർക്കോസ് 9 : 31); ഇതിന് മനുഷ്യന്റെ സൃഷ്ടി എന്ന് അർത്ഥമെടുക്കുന്നതു ശരിയല്ലെങ്കിൽ ദൈവപുത്രൻ എന്ന പദത്തിന് ദൈവത്തിന്റെ സൃഷ്ടി എന്ന് അർത്ഥമെടുക്കുന്നതു ശരിയാണോ?

c) മനുഷ്യപുത്രൻ എന്ന പദത്തിന്, മനുഷ്യത്വം സമ്പൂർണ്ണമായ അളവിൽ ഉള്ള, മനുഷ്യവർഗ്ഗത്തെ പ്രതിനിധാനം ചെയ്യുന്ന ആൾ എന്നല്ലേ അർത്ഥം? അല്ലെങ്കിൽ മറ്റെന്താണ് അർത്ഥം?

d) ദൈവപുത്രൻ എന്ന പദത്തിന് ദൈവത്വം സമ്പൂർണ്ണമായ അളവിൽ ഉള്ള, ദൈവത്തെ പ്രതിനിധാനം ചെയ്യുന്നവൻ എന്നല്ലേ അർത്ഥം? അല്ലെങ്കിൽ മറ്റെന്താണ് അർത്ഥം?

e) “മനുഷ്യപുത്രൻ” മനുഷ്യന്റെ സൃഷ്ടി അല്ലെങ്കിൽ, “ദൈവപുത്രൻ” ദൈവത്തിന്റെ സൃഷ്ടി ആയിരിക്കാനൊക്കുമോ?

f) യേശുക്രിസ്തു ദൈവത്തിന്റെ ഒരു സൃഷ്ടിയായതുകൊണ്ട്, യേശുക്രിസ്തുവിനെ ദൈവപുത്രൻ എന്നു വിശേഷിപ്പിച്ചിരിക്കുന്നു എന്ന് പറഞ്ഞാൽ, ദൈവത്തിന്റെ സകല സൃഷ്ടികളും അതേ കാരണത്താൽ ദൈവത്തിന്റെ പുത്രന്മാരാണെന്ന് പറയേണ്ടിവരില്ലേ? അങ്ങനെ പറയുന്നതു ശരിയായിരിക്കുമോ? ശരിയായിരിക്കുമെങ്കിൽ കാളയും, കഴുതയും, പോത്തും ഒക്കെ ദൈവത്തിന്റെ പുത്രന്മാരും മനുഷ്യരുടെ സഹോദരന്മാരും ആണെന്നല്ലേ ചിന്തിക്കേണ്ടിവരിക? അങ്ങനെ ചിന്തിക്കാനൊക്കുമോ?

g) "ദൈവപുത്രൻ" എന്ന പദത്തിന് ദൈവത്തിന്റെ സൃഷ്ടി എന്നല്ല, പിന്നെയോ, ദൈവത്വം സമ്പൂർണ്ണമായ അളവിൽ ഉള്ള, ദൈവത്തെ പ്രതിനിധീകരിക്കാൻ അധികാരമുള്ള ആൾ എന്നാണർത്ഥമെന്നു പറയുന്നതല്ലേ ശരി? അങ്ങനെ പറയുന്നത് തെറ്റാണെന്നു ചിന്തിക്കാൻ എന്തെങ്കിലും ന്യായമുണ്ടെങ്കിൽ അതെന്താണ്?

h) "തന്റെ ഏകജാതനായ പുത്രനിൽ" എന്നല്ല, "തന്റെ അതുല്യനായ പുത്രനിൽ" (Unique Son) എന്നതാണ് യോഹന്നാൻ 3 : 16 ന്റെ ശരിയായ തർജ്ജമ. യേശുക്രിസതു ദൈവമായിരിക്കുന്നതു കൊണ്ടല്ലേ ദൈവത്തിന്റെ "അതുല്യനായ പുത്രൻ" ആയിരിക്കുന്നത്? യേശുക്രിസ്തു ദൈവമല്ല, ദൈവത്തിന്റെ സൃഷ്ടിയാണെങ്കിൽ ക്രൂശിലെ സ്നേഹം ദൈവസ്നേഹമല്ല, ദൈവത്തിന്റെ സൃഷ്ടിയുടെ സ്നേഹമാണ് എന്നല്ലേ പറയേണ്ടത്? അങ്ങനെ പറയുന്നതാണോ ശരി?

i) പിതാവിനും പുത്രനും സാരാംശത്തിൽ ഏകത്വം ഉള്ളതുകൊണ്ടല്ലേ മാനവരാശിയുടെ രക്ഷകൻ യേശുക്രിസ്തുവാണെന്ന് മത്തായി 1 : 21-ലും അപ്പോ: പ്രവൃ: 5:31-ലും II പത്രോസ് 1 :1-ലും, രക്ഷകൻ ദൈവമാണെന്ന് 1 തിമോ: 1 :1-ലും തീത്തോസ് 1 :1- ലും പറഞ്ഞിരിക്കുന്നത്? ദൈവത്തിന്റെ ഒരു സൃഷ്ടിയാണ് യേശുക്രിസ്തുവെങ്കിൽ, മാനവരാശിയുടെ രക്ഷകൻ ദൈവമാണെന്ന് പറഞ്ഞിരിക്കുന്നത് എങ്ങനെ ശരിയാകും? സൃഷ്ടിയുടെ രക്ഷണ്യവേല സ്രഷ്ടാവിന്റെ രക്ഷണ്യവേലയായി പരിഗണിക്കണമെങ്കിൽ സൃഷ്ടിയായ മനുഷ്യന്റെ പാപം സ്രഷ്ടാവിന്റെ പാപമായി പരിഗണിച്ച് 'പാപിയായ ദൈവം' എന്നും പറയേണ്ടേ? അങ്ങനെ പറയുന്നത് ശരിയല്ലെങ്കിൽ, രക്ഷിതാവായ യേശുക്രിസ്തുവാണ് രക്ഷിതാവായ ദൈവം എന്നല്ലാതെ മറ്റെന്താണ് പറയുവാൻ സാധിക്കുക?

13\. a) യേശുക്രിസ്തുവിനെക്കുറിച്ച് യെശയ്യാവ് 9 : 6 - ൽ "വീരനാം ദൈവം - Mighty God (ശക്തനായ ദൈവം)" എന്നു പറഞ്ഞിരിക്കുന്നു; സർവ്വശക്തനായ ദൈവം എന്ന് അവിടെ പറഞ്ഞിട്ടില്ല. "സർവ്വശക്തനായ ദൈവം" എന്ന വിശേഷണം അവിടെ ഉപയോഗിച്ചിട്ടില്ലാത്തതിനാൽ യഥാർത്ഥ ദൈവത്വം യേശുക്രിസ്തുവിന് ഇല്ല എന്നു പറയാമോ? എങ്കിൽ "ശക്തനായ" എന്ന വിശേഷണം പോലും ഉപയോഗിക്കാതെ "ദൈവം" എന്നു മാത്രം പറഞ്ഞിരിക്കുന്ന ഉൽപത്തി 1 : 1 ലെ ആകാശവും ഭൂമിയും സൃഷ്ടിച്ച ദൈവത്തിന് ദൈവത്വം തീരെയില്ല എന്നല്ലേ പറയേണ്ടത്?

b) സർവ്വശക്തനായ ദൈവം (Almighty God), ശക്തനായ ദൈവം (Mighty God), (സാധാരണ) ദൈവം എന്നിങ്ങനെ പലതരം ദൈവങ്ങൾ ഉണ്ടെന്നു പറയുന്നതു ശരിയാണോ? "ദൈവം" എന്നു മാത്രം പറഞ്ഞാൽ യഥാർത്ഥ ദൈവം എന്നു തന്നെയല്ലേ അർത്ഥം? "ശക്തനായ", "സർവ്വശക്തനായ", "മഹാദയയുള്ള" (യോനാ 4 :2) മുതലായ വിശേഷണങ്ങൾ സന്ദർഭാനുസരണം പ്രത്യേക ആശയങ്ങൾ പ്രകടിപ്പിക്കാൻ വേണ്ടി മാത്രമല്ലേ ഉപയോഗിക്കുന്നത്?

c) ദൈവം എന്ന പദംകൊണ്ട്, സാധാരണ സന്ദർഭങ്ങളിൽ യഥാർത്ഥ ദൈവത്തെത്തന്നെയല്ലേ അർത്ഥമാക്കുന്നത്? വ്യത്യസ്തമായ അർത്ഥം കൽപിച്ചിട്ടുണ്ടെങ്കിൽ അതു സന്ദർഭത്തിൽ നിന്നു മനസ്സിലാക്കാൻ കഴിയേണ്ടതല്ലേ? പ്രത്യേക അർത്ഥമുണ്ടെന്നു സന്ദർഭത്തിൽ സൂചനയില്ലാത്തപ്പോൾ ദൈവം എന്ന പദം കൊണ്ട് യഥാർത്ഥത്തിലുള്ള സത്യദൈവത്തെ തന്നെയാണ് പരാമർശിക്കുന്നത് എന്നല്ലേ മനസ്സിലാക്കേണ്ടത്?

14\. a) "വചനം (യേശുക്രിസ്തു) ദൈവം ആയിരുന്നു" ("ഒരു ദൈവം ആയിരുന്നു" എന്ന് യാതൊരു ആധികാരിക തർജ്ജമയിലും കാണുന്നില്ല) എന്ന വാക്യം (യോഹ : 1 : 1) യേശുക്രിസ്തു യഥാർത്ഥ ദൈവം ആണെന്നു വ്യക്തമാക്കുന്നില്ലേ? 'വചനം' യഥാർത്ഥ ദൈവമല്ലെന്ന് സന്ദർഭത്തിൽ വല്ല സൂചനയുമുണ്ടോ? ഉണ്ടെങ്കിൽ അത് എന്താണ്? വചനം ആദിയിൽ തന്നെ ഉണ്ടായിരുന്നു എന്ന പ്രസ്താവന വചനത്തിന്റെ ദൈവത്വത്തെ കൂടുതൽ ഉറപ്പിക്കുന്നില്ലേ?

b) 'ദൈവവചനം' എന്നു പേരുള്ള യേശുക്രിസ്തു (വെളിപ്പാട് 19 : 13) ദൈവവചനത്തിന്റെ ആൾരൂപം അഥവാ ദൈവവചനത്തിന്റെ ഉറവിടം ആയതുകൊണ്ടല്ലേ ആ പേരിൽ അറിയപ്പെടുന്നത്? ദൈവം എന്നു മുതൽ ഉണ്ടോ അന്നു മുതൽ ദൈവവചനവും ഇല്ലേ? ആദി മുതൽ തന്നെ ഉണ്ടായിരുന്ന ദൈവവചനം പിൽക്കാലത്തെ ഒരു സൃഷ്ടിയാണ് എന്ന് എങ്ങനെ പറയാൻ കഴിയും?

c) യേശുവിനെ മാത്രം കണ്ട യഹൂദന്മാർ യേശുവിനെയും പിതാവിനെയും കാണുകയും പകെക്കുകയും ചെയ്തിരിക്കുന്നു എന്ന് യോഹ 15 : 24 – ൽ വായിക്കുന്നു. യേശുവും പിതാവും തമ്മിൽ സാരാംശത്തിൽ ഏകത്വമില്ലെങ്കിൽ യേശുവിനെ മാത്രം കണ്ട യെഹൂദന്മാർക്ക് യേശുവിലൂടെ അദൃശ്യനായ പിതാവിനെ എങ്ങനെയാണ് കാണുവാൻ കഴിഞ്ഞത്?

d) മലാഖി 3 : 1 പ്രകാരം യഹോവയ്ക്ക് വഴി ഒരുക്കുന്ന ജോലിയാണ് യോഹന്നാൻ സ്നാപകന് ചെയ്യാനുണ്ടായിരുന്നത്. യോഹന്നാൻ സ്നാപകൻ യേശുക്രിസ്തുവിനാണ് വാസ്തവത്തിൽ വഴി ഒരുക്കിയത് (യോഹന്നാൻ 1 : 29 – 34). ഇതിന്റെ അർത്ഥം യഹോവയും യേശുക്രിസ്തുവും സാരാംശത്തിൽ ഒരേ ദൈവം തന്നെയാണെന്നല്ലേ? അല്ലെങ്കിൽ യേശുക്രിസ്തുവിനു യോഹന്നാൻ വഴി ഒരുക്കിയപ്പോൾ അത് എങ്ങനെ യഹോവയ്ക്കുള്ള വഴി ഒരുക്കലായിത്തീർന്നു?

e) യേശുക്രിസ്തു ജീവന്റെ ഉറവിടമായ സത്യദൈവം അല്ലെങ്കിൽ, ലോകത്തിൽ പ്രത്യക്ഷപ്പെട്ട, പിതാവിനോടു കൂടെയിരുന്ന നിത്യജീവൻ എന്ന് 1 യോഹ : 1 : 2 ൽ യേശുക്രിസ്തുവിനെ വിശേഷിപ്പിച്ചിരിക്കുന്നത് എങ്ങനെ ശരിയാകും? യേശുക്രിസ്തു നിത്യജീവൻ തന്നെ ആയിരിക്കുമ്പോൾ എങ്ങനെയാണ് ദൈവത്തിൽ നിന്നു ജീവൻ സ്വീകരിച്ച ഒരു സൃഷ്ടി ആകാനൊക്കുന്നത്?

15\. a) യേശുക്രിസ്തുവിന്റെ ദൈവത്വം നിഷേധിക്കുന്നവർ പ്രസിദ്ധീകരിച്ചിട്ടുള്ള ബൈബിളിൽ (New World Translation of the Holy scriptures) യേശുക്രിസ്തു "സത്യദൈവവും നിത്യജീവനും" (I യോഹ : 5 : 20) ആണെന്നു പറഞ്ഞിരിക്കുന്നത് (... by means of his son Jesus Christ. This is the true God and life everlasting:) ശരിയായ തർജ്ജമ തന്നെയല്ലേ?

b) ആണെങ്കിൽ യേശുക്രിസ്തു സത്യദൈവം തന്നെയാണെന്നും ദൈവത്തിന്റെ സൃഷ്ടി അല്ലെന്നും വ്യക്തമല്ലേ?

16\. a) യേശുക്രിസ്തു അദൃശ്യനായ ദൈവത്തിന്റെ പ്രതിമയാണെന്ന് കൊലോസ്യർ 1 : 15 – ൽ പറഞ്ഞിരിക്കുന്നു. കാണാനൊക്കാത്ത, അദൃശ്യമായ ഒന്നിന് പ്രതിമ ഉണ്ടാക്കാനൊക്കുമോ? ഈ വാക്യത്തിൽ 'പ്രതിമ' എന്ന പദത്തിനു കൽപിച്ചിരിക്കുന്നത്, അതിന്റെ സാധാരണ അർത്ഥമല്ലെന്നു സ്പഷ്ടമല്ലേ?

b) യേശുക്രിസ്തു ദൈവത്തിന്റെ ഒരു സൃഷ്ടിയാണെങ്കിൽ, മേൽപറഞ്ഞ വാക്യപ്രകാരം ഏതോ ഒരു കാലത്ത് ദൈവം താൻ തന്നെ തനിക്ക് ഒരു പ്രതിമ ഉണ്ടാക്കി എന്നാണോ നാം മനസ്സിലാക്കേണ്ടത്?

c) യാതൊന്നിന്റെയും പ്രതിമ ഉണ്ടാക്കരുതെന്നു മോശെക്കു കൽപന കൊടുത്ത ദൈവം വാസ്തവത്തിൽ ഈ പ്രമാണം സ്വയം ലംഘിച്ച് തനിക്കു താൻ തന്നെ ഒരു പ്രതിമ ഉണ്ടാക്കി എന്നു പറഞ്ഞാൽ അതു ശരിയായിരിക്കുമോ?

d) അദൃശ്യനായ ദൈവത്തിന്റെ പ്രതിമയാണ് യേശുക്രിസ്തു എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം മനുഷ്യർക്ക് അദൃശ്യനായ ദൈവത്തെ ദൃശ്യരൂപത്തിൽ വെളിപ്പെടുത്തിയിരിക്കുന്നവനാണ് യേശുക്രിസ്തു എന്നല്ലേ? മറ്റു വല്ലതുമാണ് ശരിയായ അർത്ഥമെങ്കിൽ അതെന്താണ്?

e) അദൃശ്യനായ ദൈവം ദൃശ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടാൽ തന്റെ ദൈവത്വം നഷ്ടപ്പെടുമോ? എങ്കിൽ അതിന്റെ കാരണമെന്താണ്? നഷ്ടപ്പെടുകയില്ലെങ്കിൽ, അദൃശ്യനായ ദൈവത്തിന്റെ ദൃശ്യരൂപമായ യേശുക്രിസ്തു ദൈവം തന്നെയല്ലേ?

17\. a) യേശുക്രിസ്തു ദൈവമല്ല, പിന്നെയോ ദൈവത്തിന്റെ ഒരു സൃഷ്ടി മാത്രമാണെന്ന് വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർ പറയുന്നത് യേശു പിശാചിനാൽ പരീക്ഷിക്കപ്പെട്ടുവെന്നും (മത്തായി 4 :1) പരീക്ഷിക്കപ്പെടുന്ന ഒരാൾക്ക് യാക്കോബ് 1 : 13 പ്രകാരം ദൈവത്വം ഇല്ലെന്നും യേശു പരീക്ഷിക്കപ്പെട്ടതിനാൽ ദൈവം അല്ലെന്നും ആണ്. പരീക്ഷിക്കപ്പെടുന്ന ആൾ ദൈവം ആയിരിക്കുക സാദ്ധ്യമല്ലെങ്കിൽ മെരീബയിൽ (രെഫിദീമിൽ) വച്ച് മസ്സാനാളിൽ (പരീക്ഷയുടെ നാളിൽ) യിസ്രായേൽ യഹോവയെ പരീക്ഷിച്ചതിൽ നിന്ന് (പുറപ്പാട് 17 : 1 – 7; ആവർത്തനം 6 : 16; സങ്കീ : 95 : 8) യഹോവ ദൈവമല്ലെന്ന് തെളിയുന്നുണ്ടോ? ഇല്ലെങ്കിൽ, സാത്താൻ യേശുവിനെ പരീക്ഷിച്ചതിൽ നിന്ന് യേശു ദൈവമല്ലെന്നു തെളിയുന്നതെങ്ങനെ?

b) പരീക്ഷിക്കപ്പെടുവാൻ അനുവദിക്കുന്ന ആളിനു ദൈവത്വം ഉണ്ടായിരിക്കുവാൻ സാദ്ധ്യമല്ലെങ്കിൽ "എന്നെ പരീക്ഷിപ്പിൻ" എന്നു പറയുന്ന ആളിനു ദൈവത്വം ഉണ്ടായിരിക്കാൻ ഒട്ടുമേ സാദ്ധ്യമല്ല എന്നല്ലേ പറയേണ്ടത്? യഹോവ യിസ്രായേലിനോട് ഒരു പ്രത്യേക കാര്യത്തിൽ "എന്നെ പരീക്ഷിപ്പിൻ" എന്നു പറഞ്ഞിട്ടുള്ളതായി മലാഖി 3 : 10– ൽ നാം വായിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ യഹോവ ദൈവമല്ല എന്നു നാം പറയണമോ?

c) പരീക്ഷിക്കപ്പെടുകയും "പരീക്ഷിപ്പിൻ" എന്നു പറകയും ചെയ്ത യഹോവയ്ക്കു ദൈവത്വം ഉണ്ടായിരിക്കുവാൻ സാധ്യമാണെങ്കിൽ സാത്താന്റെ പരീക്ഷയുടെ മേൽ വിജയം നേടിയ യേശുക്രിസ്തുവിന് ദൈവത്വം ഉണ്ടായിരിക്കുവാൻ സാധ്യമല്ലേ?

d) സാത്താനാൽ പരീക്ഷിക്കപ്പെടുവാൻ അനുവദിച്ചതുകൊണ്ട് യേശുക്രിസ്തു ദൈവമല്ലെന്നും "എന്നെ പരീക്ഷിപ്പിൻ" എന്ന് യഹോവ യിസ്രായേലിനോട് പറഞ്ഞതിനാൽ യഹോവ ദൈവമല്ലെന്നും അതിനാൽ അഖിലാണ്ഡത്തിൽ യാതൊരു ദൈവവും ഇല്ലെന്നും പറഞ്ഞാൽ അതു ശരിയായിരിക്കുമോ? ഇല്ലെങ്കിൽ സാത്താനാൽ പരീക്ഷിക്കപ്പെട്ടതുകൊണ്ട് യേശുക്രിസ്തുവിനു ദൈവത്വം ഇല്ലെന്നു പറയാൻ എന്തെങ്കിലും ന്യായമുണ്ടോ?

18. a) അദൃശ്യനായ ദൈവത്തെ ദൃശ്യരൂപത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന യേശുക്രിസ്തുവിൽ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നുവെന്നാണ് കോലോസ്യർ 2 : 9 ൽ പറഞ്ഞിരിക്കുന്നത്. ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ഉള്ള യേശുക്രിസ്തുവിന് ദൈവത്വം ഇല്ലാതിരിക്കാനും 'സൃഷ്ടിത്വം' മാത്രമുണ്ടായിരിക്കാനും എങ്ങനെയാണ് സാധിക്കുക?

b) യേശുക്രിസ്തു "സർവ്വത്തിനും മീതെ ദൈവമായി എന്നെന്നേക്കും വാഴ്ത്തപ്പെട്ടവൻ (. . . from whom the Christ (sprang) according to the flesh : God, who is over all, (be) blessed forever Amen" (New World Translation : റോമർ 9 : 5) ആയിരിക്കുമ്പോൾ എങ്ങനെയാണ് ദൈവം അല്ലാത്തവൻ ആകുന്നത്?

19. മെല്ക്കീസേദെക്കിന്റെ ജനനമരണ വിവരങ്ങളും വംശാവലിയും ഒന്നും വചനത്തിൽ വെളിപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ കാര്യങ്ങളിൽ അയാൾ, ജീവാരംഭവും ജീവാവസാനവും ഇല്ലാത്ത ദൈവപുത്രനു തുല്യനാണെന്ന് എബ്രായർ 7 : 3 ൽ പറഞ്ഞിരിക്കുന്നു. ദൈവപുത്രനായ യേശുക്രിസ്തു ജീവാരംഭം ഉള്ള ഒരു സൃഷ്ടിയല്ല, പിന്നെയോ ജീവാരംഭം ഇല്ലാത്തവനും ജീവന്റെ ഉറവിടമായ സ്രഷ്ടാവായ ദൈവം തന്നെയാണെന്നുമല്ലേ ഇതിന്റെ അർത്ഥം? ഇതല്ല അർത്ഥമെങ്കിൽ ജീവാരംഭം ഇല്ലാത്ത ദൈവപുത്രൻ എങ്ങനെയാണ് ഒരു സൃഷ്ടിയാകുന്നതെന്ന് വിശദീകരിക്കുക.

20. "ഉളവായതൊന്നും അവനെ (യേശുക്രിസ്തുവിനെ) കൂടാതെ ഉളവായതല്ല" (യോഹന്നാൻ 1 : 3) എന്ന വാക്യത്തിൽ "ഉളവായത്" എന്ന പദത്തിന്റെ അർത്ഥം നിർമ്മിതമായവ അഥവാ "സൃഷ്ടികൾ" എന്നല്ലേ? ഇതല്ല അർത്ഥമെങ്കിൽ എന്താണ് ശരിയായ അർത്ഥം? സകല സൃഷ്ടികളും സൃഷ്ടിക്കപ്പെട്ടത് യേശുക്രിസ്തുവിനാൽ ആണെന്ന് ഈ വാക്യത്തിൽ നിന്നു വ്യക്തമല്ലേ? യേശുക്രിസ്തു സകല സൃഷ്ടികളുടെയും സ്രഷ്ടാവാണെന്നും യേശുക്രിസ്തു സൃഷ്ടികളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നില്ല എന്നും ഈ വാക്യം സംശയരഹിതമായി ചൂണ്ടിക്കാണിക്കുന്നില്ലേ? യേശുക്രിസ്തു സകലത്തിന്റെയും സ്രഷ്ടാവായ ദൈവമാണെന്ന് ഈ വാക്യത്തിന് അർത്ഥമില്ലെന്നു പറയുന്ന ഒരു നിഷ്പക്ഷ ഭാഷാപണ്ഡിതൻ എവിടെയെങ്കിലുമുണ്ടോ? ഉണ്ടെങ്കിൽ അതാരാണ്?

21. a) "പുത്രനോടോ, ദൈവമേ, നിന്റെ സിംഹാസനം എന്നും എന്നേക്കുമുള്ളത്" (എബ്രാ : 1 : 8) എന്ന വാക്യത്തിനു പകരം ത്രിയേകത്വം നിഷേധിക്കുന്നവരുടെ New World Translation of the Holy Scriptures - ൽ "പുത്രനോടോ, ദൈവം എന്നെന്നേക്കും നിന്റെ സിംഹാസനം ആകുന്നു (God is your throne for ever and ever)" എന്നാണ് കാണുന്നത്. സിംഹാസനം തന്നെ ദൈവം ആണെങ്കിൽ സിംഹാസനത്തിൽ ഇരിക്കുന്ന പുത്രൻ എങ്ങനെ ദൈവത്തെക്കാൾ കുറഞ്ഞവൻ ആകും? സിംഹാസനത്തിൽ ഇരിക്കുന്ന രാജാവ് സിംഹാസനത്തെക്കാൾ വലിയവൻ അല്ലേ? പിതാവായ ദൈവം പുത്രന്റെ (യേശുക്രിസ്തുവിന്റെ) സിംഹാസനം ആണെങ്കിൽ പുത്രൻ പിതാവിനെക്കാളും വലിയ ദൈവം ആണെന്നല്ലേ അർത്ഥം വരുന്നത്?

b) ഭിക്ഷക്കാരൻ സിംഹാസനത്തിൽ ഇരുന്നാൽ സിംഹാസനത്തിനു മഹത്വമുണ്ടെന്നു നാം പറകയില്ല; സിംഹാസനത്തിന്റെ മഹത്വത്തിനു കാരണം അതിൽ ഇരിക്കുന്ന രാജാവിന്റെ മഹത്വമാണ്. പിതാവായ ദൈവം ഈ തർജ്ജമയനുസരിച്ച് പുത്രന്റെ സിംഹാസനമായതിനാൽ പിതാവായ ദൈവത്തിന്റെ മഹത്വത്തിനു കാരണം തന്നിൽ ഇരിക്കുന്ന രാജാവായ പുത്രന്റെ മഹത്വമാണെന്നും പിതാവിനു സ്വന്തമായി തന്നിൽ തന്നെ മഹത്വമില്ലെന്നും പുത്രനെ കൂടാതെയുള്ള പിതാവ് രാജാവില്ലാത്ത സിംഹാസനം പോലെയാണെന്നും പുത്രനിൽ നിന്നു ലഭിച്ച മഹത്വം മാത്രമേ പിതാവിനുള്ളൂ എന്നുമല്ലേ ഈ തർജ്ജമയുടെ യഥാർത്ഥ അർത്ഥം? അല്ലെങ്കിൽ മറ്റെന്താണർത്ഥം?

c) "പുത്രനോടോ, ദൈവമേ നിന്റെ സിംഹാസനം എന്നും എന്നേക്കുമുള്ളത്" (Thy throne, O God, is forever and ever) എന്നാണ് എബ്രായർ 1 : 8 ന്റെ ശരിയായ തർജ്ജമ എന്ന് ത്രിത്വനിഷേധക്കാരുടെ തർജ്ജമ ഒഴിച്ചുള്ള സകല ബൈബിൾ തർജ്ജമകളും സാക്ഷ്യപ്പെടുത്തുന്നു. പുത്രനെ പിതാവു തന്നെ "ദൈവമേ", എന്നു സംബോധന ചെയ്തിരിക്കുന്നു എന്ന സത്യം മറച്ചു വയ്ക്കാൻ വേണ്ടിയല്ലേ, New World Trans-

lation of the Holy Scriptures “പുത്രനോടോ ദൈവം എന്നെന്നേക്കും നിന്റെ സിംഹാസനം ആകുന്നു” എന്ന് ഈ വാക്യം തർജ്ജമ ചെയ്തു വച്ചിരിക്കുന്നത്? ഈ തർജ്ജമ ശരിയാണെന്നു പറയുന്ന, മൂലഭാഷകൾ പഠിച്ചിട്ടുള്ള, നിഷ്പക്ഷനായ ഒരൊറ്റ ബൈബിൾ പണ്ഡിതനെയെങ്കിലും കാണിച്ചു തരാനുണ്ടോ? ഉണ്ടെങ്കിൽ അതാരാണ്?

22. a) മനുഷ്യന്റെ ആത്മാവ് വ്യക്തിത്വമില്ലാത്ത, വെറുമൊരു ശക്തി മാത്രമാണോ? ആണെങ്കിൽ മനുഷ്യന്റെ വ്യക്തിത്വം സ്ഥിതിചെയ്യുന്നത് എവിടെയാണ്? മനുഷ്യനും മൃഗവും തമ്മിൽ തലച്ചോറിന്റെ വലിപ്പം, ബുദ്ധിപരമായ കഴിവുകൾ എന്നിവയിൽ മാത്രമേ വ്യത്യാസമുള്ളുവോ? വേറെ എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ അതെന്താണ്?

b) ശരീരത്തെ ആത്മാവാകുന്ന വ്യക്തി (ആൾ) വസിക്കുന്ന കൂടാരം (ഭൗമഭവനം) എന്ന് 2 കൊരി : 5 : 1 ൽ വിശേഷിപ്പിച്ചിരിക്കുന്നു. ഇതിൽ നിന്ന്, മനുഷ്യന്റെ ആളത്വം സ്ഥിതി ചെയ്യുന്നത് അവന്റെ ആത്മാവിലാണെന്നു സ്പഷ്ടമല്ലേ? മനുഷ്യന്റെ ആത്മാവിന് ആളത്വമുണ്ടെങ്കിൽ ദൈവാത്മാവിനും ആളത്വമില്ലേ? (For we know that if our earthly house, this tent, should be dissolved, we are to have a building from God, a house not made with hands, everlasting in the heavens : 2 Cori : 5 : 1 - New World Translation).

23. a) വിദ്യുച്ഛക്തി, പ്രകാശം, ചൂട് മുതലായ, ശക്തിയുടെ വിവിധ രൂപങ്ങളിൽ ഏതിലെങ്കിലും ഒന്നിന് അറിവ്, ഉപദേശം നൽകാനുള്ള കഴിവ്, ദുഃഖം, സന്തോഷം മുതലായ വികാരങ്ങൾ, എന്നിവ ഉണ്ടാവുക സാധ്യമാണോ? ഇവ ഉള്ളത് ശക്തിക്കല്ല, വ്യക്തിക്കു മാത്രമാണെന്നു പറഞ്ഞാൽ അതു തെറ്റാണെന്ന് പറയാൻ തെളിവുണ്ടോ? ഉണ്ടെങ്കിൽ അത് എന്താണ്?

b) ദൈവത്തിന്റെ പരിശുദ്ധാത്മാവിന് ചിന്താശക്തി, ജ്ഞാനം, ഉപദേശം നൽകാനുള്ള കഴിവ്, സ്നേഹം, ദുഃഖം, സന്തോഷം മുതലായ വികാരങ്ങൾ ഉണ്ടാകുന്ന സ്വഭാവം എന്നിവയെല്ലാം ഉണ്ടെന്നു വ്യക്തമാക്കുന്ന നിരവധി വാക്യങ്ങൾ വചനത്തിലുണ്ട്. (നെഹമ്യാവ് 9 : 20; ലൂക്കോസ് 12 : 12; എഫെ :4 : 30; 1 തെസ്സ : 5 : 19 ; ഗല്യാത്യർ 5 : 22) വ്യക്തിത്വത്തിന്റെ ഗുണവിശേഷങ്ങളായ ഈ കഴിവുകൾ ഉള്ള ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഒരു ആൾ അല്ല, വെറുമൊരു ശക്തിയാണ് എന്നു പറഞ്ഞാൽ അത് യുക്തിക്കു നിരക്കുമോ?

c) ഒരാളിന് ഒരു പേരും അയാളുടെ ശക്തിക്ക് മറ്റൊരു പേരും നൽകുക പതിവില്ലാത്തപ്പോൾ, ദൈവത്തിന്റെ ശക്തിക്ക് പരിശുദ്ധാത്മാവ് എന്നൊരു പ്രത്യേക പേരു നൽകിയിരിക്കുന്നു എന്നു പറയുന്നത് യുക്തിക്കു നിരക്കുമോ?

d) “ജോണിന്റെ ശക്തി” എന്നു പറഞ്ഞാൽ ജോൺ എന്ന ആളിന്റെ ശക്തി എന്നാണർത്ഥം; അങ്ങനെയെങ്കിൽ, “ആത്മാവിന്റെ (പരിശുദ്ധാത്മാവിന്റെ) ശക്തി” എന്നു പറയുമ്പോൾ, “പരിശുദ്ധാത്മാവ് എന്ന ആളിന്റെ ശക്തി” എന്നല്ലേ അർത്ഥം വരേണ്ടത്? ലൂക്കോസ് 4 : 14 – ൽ “ആത്മാവിന്റെ (പരിശുദ്ധാത്മാവിന്റെ) ശക്തിയോടെ” എന്നു പറഞ്ഞിരിക്കുന്നു; ഇതിന്റെ അർത്ഥം “പരിശുദ്ധാത്മാവ് എന്ന ആളിന്റെ ശക്തിയോടെ” എന്നല്ലേ? ഇതല്ല ശരിയായ അർത്ഥമെങ്കിൽ എന്താണ് ശരിയായ അർത്ഥം?

e) “ചാക്കോയുടെ ശക്തി” എന്നു പറഞ്ഞാൽ, ചാക്കോയും ശക്തിയും ഒന്നാണെന്നും, ചാക്കോ വെറും ശക്തിയാണെന്നും പറയുകയില്ല. ബാബുവിന്റെ പണം എന്നു പറഞ്ഞാൽ ബാബുവും പണവും ഒന്നു തന്നെയാണെന്നു പറകയില്ല; അപ്പോൾ പിന്നെ “പരിശുദ്ധാത്മാവിന്റെ ശക്തി” എന്നു പറഞ്ഞിരിക്കുന്നതിൽ നിന്ന് പരിശുദ്ധാത്മാവ് വെറും ശക്തിയാണെന്ന് പറയാൻ ന്യായമുണ്ടോ? ഉണ്ടെങ്കിൽ ആ ന്യായം എന്താണ്?

f) “പരിശുദ്ധാത്മാവിന്റെ ശക്തിയോടെ” എന്ന പദപ്രയോഗത്തിൽനിന്ന് പരിശുദ്ധാത്മാവ് ശക്തിമാത്രമാണെന്ന് തെളിയുന്നുണ്ടെങ്കിൽ “ജോണിന്റെ ശക്തി” എന്ന പദപ്രയോഗത്തിൽ നിന്ന്, ജോൺ വെറും ശക്തിമാത്രമാണ്, ഒരു ആൾ അല്ല എന്നു തെളിയണം; എന്നാൽ “ജോണിന്റെ ശക്തി” എന്ന പദപ്രയോഗം തെളിയിക്കുന്നത്, ജോൺ ശക്തിയുള്ള ഒരു വ്യക്തി ആണെന്നാണ്; അപ്പോൾ “പരിശുദ്ധാത്മാവിന്റെ ശക്തി” എന്ന പദപ്രയോഗം തെളിയിക്കുന്നത് പരിശുദ്ധാത്മാവ് ഒരു ആൾ തന്നെയാണ്, വെറും ശക്തിയല്ല എന്നല്ലേ? പരിശുദ്ധാത്മാവ് വെറും ശക്തിയാണങ്കിൽ “പരിശുദ്ധാത്മാവിന്റെ ശക്തിയിൽ” എന്ന പദപ്രയോഗത്തിന്റെ അർത്ഥം “ശക്തിയുടെ ശക്തിയിൽ” എന്നായിരിക്കേണ്ടേ? ഇങ്ങനെ പറയുന്നത് ശരിയാണെങ്കിൽ “ചൂടിന്റെ ചൂട്, തണുപ്പിന്റെ തണുപ്പ്, സൗന്ദര്യത്തിന്റെ സൗന്ദര്യം” എന്നൊക്കെ പറയുന്നതും ശരിയായ ഭാഷാപ്രയോഗങ്ങൾ ആയിരിക്കേണ്ടേ?

g) വെറുമൊരു ശക്തിക്കു എതിരെ ദൂഷണം പറയാൻ സാധിക്കുമോ? ഏതൊരു പാപവും ദൂഷണവും ക്ഷമിക്കപ്പെടാൻ സാധ്യമാണ്; എന്നാൽ പരിശുദ്ധാത്മാവിന് എതിരെയുള്ള പാപവും ദൂഷണവും ക്ഷമി

ക്കപ്പെടുകയില്ല എന്ന് മത്തായി 12 : 31– ൽ പറഞ്ഞിരിക്കുന്നു. പരിശുദ്ധാത്മാവിന് എതിരെ, ദൂഷണം പറയാനും പാപം ചെയ്യാനും സാധ്യമായതിനാൽ പരിശുദ്ധാത്മാവിന് ആളത്വം ഉണ്ടെന്നു സ്പഷ്ടമല്ലേ? പരിശുദ്ധാത്മാവ് ദൈവമല്ലെങ്കിൽ പരിശുദ്ധാത്മാവിനെതിരെയുള്ള ദൂഷണം ഏറ്റവും ഗൗരവമേറിയത് ആവുന്നതെങ്ങനെ?

24. a) ജീവൻ നൽകുക എന്ന പ്രവൃത്തി ചെയ്യുന്നത് പരിശുദ്ധാ ത്മാവ് ആണെന്ന് യോഹന്നാൻ 6 : 63 ൽ പറഞ്ഞിരിക്കുന്നു. പരിശുദ്ധാത്മാവ് ജീവനുള്ള ദൈവം അല്ലെങ്കിൽ ജീവൻ നൽകുന്ന പ്രവൃത്തി ചെയ്യുവാൻ എങ്ങനെയാണ് സാധിക്കുക? ജീവന്റെ ദാതാവ് ജീവനില്ലാത്ത വെറും ശക്തി ആയിരിക്കുക സാധ്യമാണോ?

b) പരിശുദ്ധാത്മാവിനോട് അസത്യം പറയുന്ന കാര്യം അപ്പോ. പ്രവൃ: 5 : 3 – 4 ൽ പറഞ്ഞിരിക്കുന്നു; പരിശുദ്ധാത്മാവ് ഒരു ആൾ അല്ല എങ്കിൽ എങ്ങനെയാണ് പരിശുദ്ധാത്മാവിനോട് വ്യാജം പറയാൻ കഴിയുന്നത്? വെറുമൊരു ശക്തിയോട് കള്ളം പറയാനൊക്കുമോ? ജീവനില്ലാത്ത വെറുമൊരു ശക്തിയോട് (ഉദാ: സൂര്യപ്രകാശം, വിദ്യുച്ഛക്തി) ആരെങ്കിലും പറഞ്ഞിട്ടുള്ള ഒരു വ്യാജമെങ്കിലും ഉദാഹരണമായി ചൂണ്ടിക്കാണിക്കാനുണ്ടോ? ഉണ്ടെങ്കിൽ അതെന്താണ്? ഇല്ലെങ്കിൽ അനന്യാസും സഫീരയും വ്യാജം പറഞ്ഞത് ആളത്വമുള്ള പരിശുദ്ധാത്മാവിനോടായിരുന്നു എന്നു തന്നെയല്ലേ നാം പറയേണ്ടത്?

c) പരിശുദ്ധാത്മാവിനോടു പറഞ്ഞ വ്യാജം ദൈവത്തോടാണു പറഞ്ഞതെന്ന് അപ്പോ : പ്രവൃ: 5 : 3 –4 വാക്യങ്ങൾ വ്യക്തമാക്കുന്നു. പരിശുദ്ധാത്മാവ് ദൈവമാണെന്നല്ലേ ഇതു തെളിയിക്കുന്നത്?

25. a) I കൊരി : 2 : 11 വ്യാകരണ നിയമങ്ങളനുസരിച്ചു വിശദീകരിച്ച് എഴുതുമ്പോൾ കിട്ടുന്നത്, “..... അവ്വണ്ണം തന്നെ ദൈവത്തിലുള്ളത് ദൈവാത്മാവ് എന്ന ആൾ അല്ലാതെ വേറെ യാതൊരു ആളും ഗ്രഹിച്ചിട്ടില്ല” എന്നാണ്. പരിശുദ്ധാത്മാവിനെ ഒരു ആൾ എന്ന് വളരെ വ്യക്തമായിത്തന്നെ ഈ വാക്യത്തിൽ പരാമർശിച്ചിരിക്കയാണ്; അപ്പോൾ പിന്നെ പരിശുദ്ധാത്മാവ് വെറും ശക്തിയാണ്, ആൾ അല്ല എന്നു പറയാൻ എങ്ങനെ സാധിക്കും?

b) “ദൈവം ആത്മാവാകുന്നു” എന്ന് യോഹന്നാൻ 4 : 24ൽ കാണുന്നു; ഇതിനർത്ഥം ദൈവം ആയിരിക്കുന്ന ഒരു ആത്മാവ് ഈ അഖിലാണ്ഡത്തിലുണ്ട് എന്നല്ലേ? ദൈവം ആയിരിക്കുന്ന ഈ ആത്മാവ് വചനത്തിൽ പറയുന്ന പരിശുദ്ധാത്മാവ് അല്ലെങ്കിൽ അതു പിന്നെ ഏത് ആത്മാവാണ്?

c) ദൈവം സ്ഥിതി ചെയ്യുന്നത് ആത്മരൂപത്തിലാണെന്ന് (യോഹ : 4 : 24) വചനത്തിൽ പറഞ്ഞിരിക്കുമ്പോൾ, ആത്മാവിന് ആളത്വമില്ല എന്നു പറഞ്ഞാൽ ആത്മ രൂപത്തിൽ സ്ഥിതി ചെയ്യുന്ന ദൈവത്തിനും ആളത്വമില്ല എന്നല്ലേ അർത്ഥം വരുന്നത്? ആത്മാവിന് ആളത്വമില്ലാതിരിക്കുമ്പോൾ ആത്മരൂപത്തിൽ സ്ഥിതി ചെയ്യുന്ന ദൈവത്തിന് ആളത്വമുണ്ടായിരിക്കുമെന്നു ചിന്തിക്കാൻ ന്യായമുണ്ടോ? ഉണ്ടെങ്കിൽ ആ ന്യായമെന്താണ്?

26. a) ദൈവം ഏകനാണെന്നും (യോഹന്നാൻ 5 : 44 ; 17 : 3; 1 തിമോ : 1 : 17) പിതാവ് ദൈവമാണെന്നും, പുത്രൻ ദൈവമാണെന്നും പരിശുദ്ധാത്മാവ് ദൈവമാണെന്നും ബൈബിൾ വെളിപ്പെടുത്തുന്നു; പിതാവും പുത്രനും പരിശുദ്ധാത്മാവും സാരാംശത്തിൽ ഒരേ ദൈവമായി ഇരിക്കുകയും മൂന്ന് വ്യത്യസ്ത ആളുകളായി സ്ഥിതി ചെയ്യുകയും ചെയ്യുന്നതിനാൽ മത്തായി 28 : 19 ൽ “പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ” (“നാമങ്ങളിൽ” എന്നല്ല) എന്ന് ത്രിയേകത്വം വ്യക്തമാക്കുന്ന വാചകം നാം കാണുന്നു; അതിനാൽ “ത്രിയേകദൈവം” എന്ന പദപ്രയോഗം ബൈബിളിലെ വാക്യങ്ങൾ പ്രകാരം തികച്ചും ശരിയാണെന്നല്ലേ നാം പറയേണ്ടത്?

b) വ്യത്യസ്ത നിറങ്ങളുള്ള മൂന്നു ഗ്ലാസ്സുകളിൽ വെള്ളമെടുത്തു വച്ചിട്ടു നാം പറയുന്നത് “(മൂന്ന് ഗ്ലാസ്സ്) വെള്ളം” എന്നല്ലേ? “മൂന്നു വെള്ളങ്ങൾ” എന്നു പറയാറില്ലല്ലോ. അങ്ങനെയെങ്കിൽ, ദൈവികസാരാംശത്തിൽ ഏകത്വമുള്ള പിതാവിനെക്കുറിച്ചും പുത്രനെക്കുറിച്ചും പരിശുദ്ധാത്മാവിനെക്കുറിച്ചും പറയുമ്പോൾ “ദൈവങ്ങൾ” എന്നു പറയാതെ (ത്രിയേക) ദൈവം എന്ന് ഏകവചനത്തിൽ തന്നെയല്ലേ പറയേണ്ടത്?

c) യേശുക്രിസ്തു ദൈവമല്ലെന്നും ദൈവത്തിന്റെ ഒരു സൃഷ്ടി ആണെന്നും പരിശുദ്ധത്മാവ് ദൈവത്വം ഇല്ലാത്ത വെറും ശക്തിമാത്രമാണെന്നും വിശ്വസിക്കുവാൻ മതിയായ തെളിവുകൾ ബൈബിളിൽ ഉണ്ടെന്നു പറയുന്നത്, ചന്ദ്രനിൽ, കാണുന്നതു ‘മുയൽ’ ആണെന്നു വിശ്വസിക്കാൻ മതിയായ തെളിവുകളുണ്ടെന്നു പറയുന്നതുപോലെ മാത്രമല്ലേ?

27. a) യേശുക്രിസ്തു ആരാണെന്നും എങ്ങനെയുള്ളവനാണെന്നും ശരിയായി മനസ്സിലാക്കി യേശുക്രിസ്തുവിനെ ദൈവമായും ഏക കർത്താവായും അംഗീകരിക്കാത്ത ഒരാളിനു നിത്യജീവൻ ഇല്ല എന്നാണ് യോഹ : 17 : 3; 1 യോഹ : 4 : 15 മുതലായ വാക്യങ്ങളിൽ നിന്നു വ്യക്തമാകുന്നത്. യേശു

ക്രിസ്തു അദൃശ്യനായ ദൈവത്തിന്റെ ദൃശ്യരൂപമായ സത്യദൈവം തന്നെയാണെന്നു മനസ്സിലാക്കാതെ യേശുക്രിസ്തുവിന്റെ ദൈവത്വം നിഷേധിക്കുന്നവർക്കു നിത്യജീവൻ ഇല്ല എന്ന് 1 യോഹ : 2 : 22-ൽ നിന്ന് ("പുത്രനെ നിഷേധിക്കുന്നവനു പിതാവുമില്ല")തെളിയുന്നു. അതിനാൽ യേശുക്രിസ്തുവിന്റെ ദൈവത്വം അംഗീകരിച്ചിട്ടില്ലാത്തവർ പാപത്തിന്റെ നിത്യശിക്ഷാവിധിയിലേക്കല്ലേ പൊയ്ക്കൊണ്ടിരിക്കുന്നത്?

b) യേശുക്രിസ്തു വാസ്തവമായി മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ ദൈവപുത്രനാണെന്ന സത്യം ഗ്രഹിച്ചപ്പോൾ, "എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ" ("My Lord and my God !" - New World Translation : യോഹ : 20 : 28) എന്നു പറഞ്ഞ് യേശുക്രിസ്തുവിന്റെ ദൈവത്വത്തിലുള്ള വിശ്വാസം തോമസ് അപ്പൊസ്തലൻ വ്യക്തമാക്കിയതുപോലെ ത്രിത്വനിഷേധക്കാരും ചെയ്യുക എന്നതല്ലേ അവർക്ക് ആത്മരക്ഷ പ്രാപിക്കുവാനുള്ള ഏകമാർഗ്ഗം? തോമസ് അപ്പോസ്തലനെപോലെ "എന്റെ കർത്താവും എന്റെ ദൈവവും"എന്നു തന്നെയല്ലേ യേശുക്രിസ്തുവിനെക്കുറിച്ച് നാം ഓരോരുത്തരം പറയേണ്ടത്? അല്ലെങ്കിൽ പിന്നെ എന്താണ് നാം യേശുക്രിസ്തുവിനെക്കുറിച്ച് പറയേണ്ടത്?

28. പരിശുദ്ധാത്മാവിനെക്കുറിച്ച് യാതൊന്നും കേട്ടിട്ടില്ല എന്ന് എഫെസോസിലെ ശിഷ്യന്മാർ പൗലോസിനോട് പറഞ്ഞപ്പോൾ, "എന്നാൽ ഏതായിരുന്നു നിങ്ങളുടെ സ്നാനം"? എന്ന് പൗലോസ് അവരോടു ചോദിച്ചു (അപ്പൊ: പ്രവൃ:19:1-6). പരിശുദ്ധാത്മാവിനെക്കുറിച്ച് കേൾക്കാൻ ഇടവരുത്തുന്ന ഒരു സ്നാനം അപ്പൊസ്തലിക കാലത്ത് (ഒന്നാം നൂറ്റാണ്ടിൽ) നിലവിലിരുന്നു എന്നല്ലേ ഈ ചോദ്യം തെളിയിക്കുന്നത്? അക്കാലത്ത് ക്രിസ്തീയ സ്നാനം നടത്തുന്ന സന്ദർഭങ്ങളിൽ യേശുക്രിസ്തുവിന്റെ കല്പന പ്രകാരം (മത്തായി 28:19-20) "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ" സ്നാനപ്പെടുത്തുന്നു എന്നു പറയുക പതിവായിരുന്നതുകൊണ്ട് സ്നാനപ്പെടുന്ന ആളിന് പരിശുദ്ധാത്മാവിനെക്കുറിച്ച് കേൾക്കാൻ, അയാളുടെ സ്നാനം മൂലം ഇട വരുമായിരുന്നു എന്നല്ലേ പൗലോസിന്റെ ചോദ്യത്തിൽ നിന്നും തെളിയുന്നത്? സ്നാനമേല്ക്കുന്ന ആളിനോട്, "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്തുന്നു" എന്ന് സ്നാനപ്പെടുത്തുന്ന ആൾ അക്കാലത്തു പറയുക പതിവില്ലായിരുന്നെങ്കിൽ, പരിശുദ്ധാത്മാവിനെക്കുറിച്ചു കേൾക്കാൻ ഇടവരാതെ സ്നാനം ഏറ്റ നിങ്ങളുടെ സ്നാനം ഏതായിരുന്നു എന്ന് എന്തുകൊണ്ടാണ് പൗലോസ് എഫെസോസിലെ വിശ്വാസികളോടു ചോദിച്ചത്?

29 യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേറ്റു എന്ന് അപ്പൊസ്തല പ്രവൃത്തികളിൽ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ അർത്ഥം യേശുക്രിസ്തു സ്ഥാപിച്ച ക്രിസ്തീയ സ്നാനം യേശുക്രിസ്തു ശിഷ്യന്മാർക്ക് കല്പന നല്കിയ പ്രകാരം സ്വീകരിച്ചു എന്നാണർത്ഥമെന്നു പറഞ്ഞാൽ അതു തെറ്റാണെന്നു പറയാൻ ന്യായം എന്തെങ്കിലുമുണ്ടോ? ഉണ്ടെങ്കിൽ അതെന്താണ്?

30. ക്രിസ്തീയ സ്നാനത്തെയും യോഹന്നാന്റെ മാനസാന്തര സ്നാനത്തെയും വേർതിരിച്ച് പരാമർശിക്കേണ്ട ആവശ്യം അപ്പോസ്തലിക കാലത്തുണ്ടായിരുന്നതിനാൽ, ക്രിസ്തീയ സ്നാനത്തെക്കൂറിച്ച് യേശുക്രിസ്തു സ്ഥാപിച്ച (യേശുവിന്റെ നാമത്തിലുള്ള) സ്നാനം എന്നു പറയുന്നതിന് ന്യായം ഉണ്ടായിരുന്നില്ലേ?

31. രാജൻ, ബാബു, തോമസ് എന്നീ മൂന്നുപേർ ചേർന്ന് ആരംഭിച്ച ബാങ്ക് അക്കൌണ്ടിനെപ്പറ്റി, ബാബുവിന്റെ അക്കൌണ്ട് എന്ന് ഒരാൾ പറഞ്ഞാൽ, രാജന്റെയും, തോമസിന്റെയും പേരുകൾ അക്കൌണ്ടിൽ നിന്നും മാറിപ്പോയി, ഇനി ബാബുവിനു മാത്രമേ അക്കൗണ്ടിൽ അവകാശമുള്ളൂ എന്നർത്ഥം വരുമോ? ഇല്ലെങ്കിൽ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലുള്ള സ്നാനത്തെപ്പറ്റി പുത്രന്റെ (യേശുക്രിസ്തുവിന്റെ) നാമത്തിലുള്ള സ്നാനം എന്നു പറഞ്ഞാൽ, പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും നാമം അതുമൂലം ഇല്ലാതായിപ്പോയി എന്ന് എങ്ങനെ അർത്ഥം വരും?

32 പിതാവും പുത്രനും സാരാംശത്തിൽ ഏകത്വം ഉള്ള വ്യത്യസ്ത ആളത്വങ്ങളാണെന്നു സ്പഷ്ടമാക്കുന്ന നിരവധി വാക്യങ്ങൾ ബൈബിൾ പുതിയ നിയമത്തിലില്ലേ? പുത്രൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയാണെന്ന് കൊലോസ്യർ 1:15 ൽ പറഞ്ഞിട്ടില്ലേ? പ്രതിമയായ പുത്രന് ആളത്വമുണ്ടെന്ന് യേശുനാമക്കാർ സമ്മതിക്കുന്നു; ഒന്നിന്റെ പ്രതിമയ്ക്ക് ആളത്വമുണ്ടെങ്കിൽ ആ പ്രതിമ പ്രതിനിധാനം ചെയ്യുന്ന, അതിന്റെ പിന്നിലെ യാഥാർത്ഥ്യത്തിന് ആളത്വമില്ലെന്ന് പറയാൻ എന്താണ് ന്യായം? അദൃശ്യനായ ദൈവത്തിന് ആളത്വം ഇല്ല, എന്നാൽ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയ്ക്ക് ആളത്വമുണ്ട് എന്ന് പറയുവാൻ എങ്ങനെ സാധിക്കും? പിതാവായ ദൈവത്തിന്, പുത്രനിൽ നിന്നും വ്യത്യസ്തമായ ഒരു ആളത്വമില്ലെന്നു പറഞ്ഞുകൊണ്ട്, ദൈവത്തിന്റെ ത്രിയേകത്വം നിഷേധിക്കുന്നതിനു വേണ്ടിയാണ് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലുള്ള ക്രിസ്തീയ സ്നാനത്തെ യേശു നാമക്കാർ തള്ളിപ്പറയുന്നതെന്നുള്ളതല്ലേ യഥാർത്ഥ സത്യം?

**ദൈവപുത്രനായ യേശുക്രിസ്തു**

ഒരു പുത്രൻ തന്റെ പിതാവിന്റെ രൂപഭാവങ്ങളും സ്വഭാവങ്ങളും ഒക്കെ പ്രതിഫലിപ്പിക്കുന്നതു പോലെ അദൃശ്യനായ ദൈവത്തിന്റെ ഗുണവിശേഷങ്ങൾ ലോകത്തിന് ദൃശ്യമാക്കി തന്നിട്ടുള്ള ദൈവികത്രിത്വത്തിലെ ആളത്വമെന്ന അർത്ഥമാണ് ദൈവപുത്രൻ എന്ന പദത്തിനുള്ളത്. മനുഷ്യരെല്ലാവരും ദൈവത്തിന്റെ മക്കളാണെന്ന് ഒരർത്ഥത്തിൽ പറയാമെങ്കിലും യേശുക്രിസ്തു ദൈവപുത്രനായിരിക്കുന്നതുപോലെ മനുഷ്യരെല്ലാവരും ദൈവപുത്രന്മാരല്ല. ഈ ആശയം വ്യക്തമാക്കുന്ന യേശുക്രിസ്തുവിനെക്കുറിച്ചുള്ള പദപ്രയോഗമാണ് ദൈവത്തിന്റെ "ഏകജാതനായ പുത്രൻ" (യോഹ. 3:16). ദൈവത്തിന്റെ "അതുല്യനായ പുത്രൻ" (Unique Son) എന്നാണ് ഇതിന്റെ ശരിയായ തർജ്ജമ.

*കത്തിടപാടുകൾക്കുള്ളവിലാസം :*

**BIBLE STUDY CENTRE**
POST BOX - 14
P. O. MANNUTHY, THRISSUR - 680 651
(Phone : 0487-2371573)